വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) അറിവില്ല.

(ബി) ഉദിക്കുന്നില്ല.

താണവരുമാനക്കാരായ ഗവണ്മെന്റ് ജീവനക്കാരുടെ പാർപ്പിട സൗകര്യം

* 92. [268] ശ്രീ. വി. ശ്രീധരൻ :

,, എൻ. വാസുദേവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താണവരുമാനക്കാരായ ഗവണ്മെന്റ് ജീവനക്കാക്ക് തിരുവനന്തപുരം നഗരത്തിൽ അഭിമുഖീകരിക്കുന്ന ഗുരുതരമായ പാർപ്പിടസൗകര്യപ്രശ്നം പരിഹരിക്കുവാൻ എന്തെങ്കിലും പദ്ധതി ഗവണ്മെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ തിരുവനന്തപുരം നഗരത്തിലെ വാടക നിയന്ത്രിക്കുന്നതിനും താണവരുമാനക്കാരായ സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് സമാശ്വാസം നൽകാനും ഈ പദ്ധതിമൂലം സാദ്ധ്യമാവുമെന്നുള്ള കാര്യം കണക്കിലെടുത്തുകൊണ്ട് ഈ പ്രശ്നം ഗവണ്മെന്റ് സത്വരമായി പരിഗണിക്കുമോ ;

(സി) ഇത്തരം പദ്ധതികൾക്ക് ഒരു രൂപം നൽകുമ്പോൾ സേവനകാലം മുഴുവൻ തിരുവനന്തപുരം നഗരത്തിൽതന്നെ കഴിയേണ്ടിവരുന്ന വിഭാഗം ജീവനക്കാരുടെ കാര്യത്തിൽ മുൻഗണന നൽകുമോ ?

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ) :

(എ) തിരുവനന്തപുരത്ത് ഇപ്പോൾ ഗവണ്മെന്റ് ജീവനക്കാരുടേതായ 221 കുടുംബങ്ങൾക്ക് താമസസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ തിരുവനന്തപുരമുൾപ്പെടെ സംസ്ഥാനത്തെ പ്രധാനപട്ടണങ്ങളിൽ ഗവണ്മെന്റ് ജീവനക്കാക്ക് അത്യാവശ്യമായ പാർപ്പിടസൗകര്യം ഉണ്ടാക്കാനുള്ള പരിപാടി പരിഗണനയിലുണ്ട്.

(ബി) സാമ്പത്തിക സ്ഥിതി അനുവദിക്കുന്നതനുസരിച്ച് പ്രസ്തുത പരിപാടി നടപ്പാക്കി വരുന്നു. തിരുവനന്തപുരത്ത് വനിത എൻ. ജി. ഒ. മാക്കുള്ള ഒരു ഹോസ്റ്റലിന്റെ പണിയും ഇക്കൊല്ലം തന്നെ തുടങ്ങാമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഗവണ്മെന്റ് ജീവനക്കാക്ക് കോർട്ടേഴ്സ് അലോട്ട് ചെയ്യുന്നതിനുള്ള ചട്ടം ഗവണ്മെന്റ് ഉണ്ടാക്കിയിട്ടുണ്ട്. അതനുസരിച്ചാണ് കോർട്ടേഴ്സ് അലോട്ട് ചെയ്യുന്നത്.

Subordinate Officers of the P. W. D.

*93 (269) **Shri U. P. Kunikullaya** : Will the P. W. D. Minister be pleased to state:

(a) Is it true that the Chief Engineer P. W. D. has sent a circular to the subordinate officers of the P. W. D. not to undertake any new work in connection with the development of village roads

(b) If so, what is the reason ;

(c) Are the Government aware that the village roads taken over by P. W. D. are in neglected condition;

LIBRARY ARCHIVES Kerala Legislative Assembly

(d) Will the Govt. allot necessary funds urgently for the development of village roads?

Works Minister **(Shri T. K. Divakaran)**

(a) Yes.

(b) The spill over commitment itself is huge and the position has therefore to be carefully examined and the possibilities of additional funds being available have to be explored before new commitments are made.

(c) Government are aware that some of the roads require improvement.

(d) The matter is under consideration.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായസ്ഥാപനങ്ങൾക്കു് നൽകുന്ന അസംസ്കൃത സാധനങ്ങളുടെ കോട്ട

* 94. [270] ശ്രീ. ആർ കൃഷ്ണൻ (പാലക്കാട്ട്) : താഴെ കാണുന്ന ചോദ്യത്തിനു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

വ്യവസായസ്ഥാപനങ്ങൾക്കു് ഇന്നു നൽകുന്ന അസംസ്കൃതസാധനങ്ങളുടെ കോട്ട കൃത്യമായി ഉപയോഗിക്കാത്തവർക്കു നൽകുകയും കോട്ട സാധനങ്ങൾകൊണ്ടു് വ്യവസായം കൃത്യമായി നടത്തുന്നവർ ആവശ്യത്തിനു് കുറിഞ്ഞ വിലയ്ക്കു് വാങ്ങേണ്ടിവരികയും ചെയ്യുന്ന ഇന്നത്തെ സ്ഥിതിയെക്കുറിച്ചു് അന്വേഷണം നടത്തി കോട്ട വിതരണത്തിൽ ഒരു ക്രമീകരണം നടത്തുമോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസു്) :

ആവശ്യങ്ങളും ശരിക്കും പരിശോധിച്ചശേഷമാണു് അസംസ്കൃതസാധനങ്ങളുടെ കോട്ട വിതരണം ചെയ്യുന്നതു്. ചെറുകിട വ്യവസായികളുടെ പ്രതിനിധികൂടിയുള്ള ഒരു കമ്മിറ്റിയാണു് വിതരണം നടത്തുന്നതു്. ഇൻഡ്യാ ഗവണ്മെൻറിൽ നിന്നും ഈ സംസ്ഥാനത്തിനു ലഭിക്കുന്ന അസംസ്കൃതസാധനങ്ങളും വളരെ പരിമിതമായതിനാൽ അവയുടെ അനുപാതമനുസരിച്ചു മാത്രമെ വ്യവസായ സ്ഥാപനങ്ങൾക്കു നൽകാൻ സാദ്ധ്യമാകുന്നുള്ളൂ. നൽകുന്ന സാധനങ്ങളും ദുരുപയോഗപ്പെടുത്തുന്നുണ്ടെങ്കിൽ അതു് കണ്ടുപിടിക്കുന്നതിനു് വേണ്ട നടപടികളും എടുക്കുന്നതിനും അതാതു ജില്ലാ വ്യവസായ ആഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടു്.

സംസ്ഥാന ഗവണ്മെൻറുടമയിലുള്ള കമ്പനികളുടെ ധനസ്ഥിതി

* 95 [272] ശ്രീ. ജെ. കുമാലിയാസു് മൊറായിസു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവണ്മെൻറുടമയിലുള്ള വ്യവസായസ്ഥാപനങ്ങളുടെ ധനസ്ഥിതി ആശാവഹമല്ലെന്നു ഗവണ്മെൻറിനു് റിപ്പോർട്ടു് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കമ്പനികൾക്കു് ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം പരിഹരിക്കുന്നതിനു് ഗവണ്മെൻറു സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസു്) :

(എ) ഉണ്ടു്.

(ബി) എല്ലാ കമ്പനികളിലെയും പ്രവർത്തനക്ഷമതയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നിവരികയാണു്.